"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ - Modernization and Qualitative Improvement of Fleet എന്ന പദ്ധതിക്ക് 51,31,18,746/- രൂപ റിലീസ് ചെയ്തുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (എ) വകുപ്പ്**

സ.ഉ.(സാധാ) നം.103/2026/TRANS തീയതി,തിരുവനന്തപുരം, 09-03-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 339/2025/ഗതാഗതം തീയതി 25.07.2025.

2. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 17.12.2025 തീയതിയിലെ ബഡ്.1/7/2024-ഫിൻ നമ്പർ കത്ത്.

**ഉത്തരവ്**

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി.) Modernization and Qualitative Improvement of Fleet എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5055-00-800-79-പ്ലാൻ ശീർഷകത്തിൽ നിന്നും 2025-26 സാമ്പത്തിക വർഷം വകയിരുത്തിയ ബഡ്ജറ്റ് വിഹിതമായ 107 കോടി രൂപ ചെലവഴിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2025-26 സാമ്പത്തിക വർഷത്തിൽ Modernization and Qualitative Improvement of Fleet എന്ന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വാഹന നിർമ്മാണ കമ്പനികൾക്ക് നൽകുന്നതിനായി 72,16,98,699/- രൂപ 5055-00-800-79-(പ്ലാൻ) ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകണമെന്ന് കെ.എസ്.ആർ.ടി.സി., ചെയർമാൻ & മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. യിലെ Modernization and Qualitative Improvement of Fleet എന്ന പദ്ധതിക്കായി വാഹന നിർമ്മാണ കമ്പനികൾക്ക് നൽകുന്നതിന് 51,31,18,746/-(അമ്പത്തി ഒന്ന് കോടി മുപ്പത്തിഒന്ന് ലക്ഷത്തി പതിനെട്ടായിരത്തി എഴുന്നൂറ്റിനാൽപത്തിയാറ്) രൂപ നടപ്പു സാമ്പത്തിക വർഷത്തിൽ 5055-00-800-79-(പ്ലാൻ) ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള വിഹിതത്തിൽ നിന്നും, IBDS മുഖേന കെ.എസ്.ആർ.ടി.സി. ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസറുടെ 799012700002234 പി.എസ്.ടി.എസ്.ബി. അക്കൗണ്ടിലേക്ക് റിലീസ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിജയശ്രീ.കെ.എസ്

അഡിഷണൽ സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.

ധനകാര്യ (പി.യു.-എ) വകുപ്പ്

(27/02/2026-ലെ നം. 3173824/PU-A2/66/2025-FIN പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ (വെബ് & മീഡിയ), വിവര പൊതുജന സമ്പർക്ക വകുപ്പ്

(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (E 3175633)

ഉത്തരവിൻ പ്രകാരം,

Signed by

Sudheesh C P

Date: 09-03-2026 12:26:26

സെക്ഷൻ ഓഫീസർ.

പകർപ്പ് :- ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.

ഗതാഗത വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.